## 2010 ഏപ്രിൽ 1

# പെസഹാ വ്യാഴം

ഫാ. ഷീൻ പാലക്കുഴി

ക്രിസ്തുവിന്റെ അനന്യമായ ജീവിതത്തിന്റെ ഏറ്റവും വലിയ മനോഹാരിതകളിലൊന്ന് അവൻ തന്റെ ജീവിതത്തെയും പീഡാനുഭവങ്ങളെയും മരണത്തെയും ഉത്ഥാനത്തെയും ഒരു കൂദാശയുടെ സങ്കല്പങ്ങൾക്കുള്ളിൽ നമുക്കായി കാത്തുസൂക്ഷിച്ചുവച്ചു എന്നുള്ളതാണ്. സെഹിയോൻ മാളികയിലെ സംഗമസന്ധ്യയിൽ അപ്പവും വീഞ്ഞും ഭാഗിച്ചു നൽകി രക്ഷയുടെ വിരുന്നിന് ദൈവം അവതരിപ്പിച്ചപ്പോൾ അത് ലോകത്തിനു മുഴുവൻ മരിക്കലും അവസാനിക്കാത്ത ഓർമ്മകളുടെ ഒരു വിരുന്നായി രൂപാന്തരം പ്രാപിക്കുന്നു. പഴയനിയമത്തിന്റെ പെസഹാവിരുന്നിലേക്ക് ദൈവം സന്നിവേശിച്ചപ്പോൾ അത് പുതിയനിയമത്തിന്റെ വിശുദ്ധ കുർബാനയെന്ന വിരുന്നായി പരിണമിക്കുന്നു. പെസഹാ വിശുദ്ധ കുർബാനയുടെ തിരുനാളായി മാറുന്നു.

കണ്ണീരിന്റെ നനവും ജീവിതസാഫല്യത്തിന്റെ നിറവും ഒറ്റുകാരന്റെ സംഘർഷങ്ങളും നിറഞ്ഞ ഒരു സന്ധ്യയുടെ വിരുന്നിൽ ഈശോ പറയുന്ന വാക്കുകൾക്കും ചെയ്യുന്ന പ്രവർത്തികൾക്കും അവന്റെ ജീവിതത്തിന്റെ മുഴുവൻ ഭാവങ്ങളെയും ഉൾക്കൊള്ളാൻ കഴിയുന്നുണ്ടായിരുന്നു. മൗനം കനത്ത ഇടവേളകളിലൊന്നിൽ പരിശുദ്ധമായ കൈകളിൽ അപ്പമെടുത്ത് സ്വർഗത്തിലേക്ക് മനവും മിഴികളുമുയർത്തി പിതാവായ ദൈവത്തിന് ഈശോ നന്ദിയർപ്പിക്കുന്നു. പിന്നീടാണ് അപ്പം മുറിക്കപ്പെടുന്നതും ശിഷ്യർക്ക് നൽകപ്പെടുന്നതും അവരുടെ അസ്തിത്വത്തിന്റെ ഭാഗമാവുന്നതും. ഈശോയുടെ പ്രവർത്തികളിൽനിന്ന് നമ്മുടെ ചിന്തകളിലേക്ക് പ്രവേശിക്കേണ്ടത് അവന്റെ മാനസിക നിലപാടുകളാണ്. മുറിക്കപ്പെടുന്ന അപ്പത്തെയോർത്ത് പിതാവിന് നന്ദിപറയുന്ന പുത്രൻ. ഈശോയ്ക്കറിയാം താൻ കൈകളിൽ വഹിച്ചിരിക്കുന്നത് തന്റെ ശരീരമാണ്, തന്റെ ജീവിതമാണ്. ഇന്ന് സെഹിയോൻ മാളികയിൽ ഈ അപ്പം മുറിക്കപ്പെടുന്നതുപോലെ നാളെ ഗോഗുൽത്തായുടെ വിരിമാറിൽ റോമൻ പടയാളികളുടെ ആയുധങ്ങൾ തന്റെ ശരീരത്തെ കീറിമുറിക്കും. ഇന്ന് ഈ അപ്പം മുറിക്കപ്പെടുന്നതുപോലെ നാളെ തന്റെ പ്രിയ ശിഷ്യന്മാരുൾപ്പെടുന്ന ഒരു കൂട്ടം ജനങ്ങളുടെ നിന്ദയും പരിഹാസവും കുത്തുവാക്കുകളും ഉപേക്ഷയും ചതിയും തന്റെ ഹൃദയത്തെയും ജീവിതത്തെയും കീറിമുറിക്കും. എന്നിട്ടും തകർക്കപ്പെട്ട ഒരു ജീവിതം തന്നതിന് ഈശോ പിതാവിനോട് നന്ദിപറയുന്നു.

ജീവിതത്തിൽ അനുകരിക്കാവുന്ന ഒരു മാതൃകയായി ക്രിസ്തുവിന്റെ ഈ നിലപാട് പെസഹാനാളിൽ നമ്മെ മുറിപ്പെടുത്തണം. നമ്മുടെ ജീവിതത്തിൽ വേദനകൾ ലഭിച്ചതിന് എന്നെങ്കിലും നാം ദൈവത്തിന് നന്ദിപറഞ്ഞിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു മുതൽ ഓരോ ശ്വാസത്തിലും നാം ചൊല്ലിത്തുടങ്ങണം, കൃതജ്ഞതയുടെ ഒരു സങ്കീർത്തനം. ജീവിതത്തിലെ സന്തോഷങ്ങൾക്കും നന്മകൾക്കും മാത്രമല്ല, വേദനകൾക്കും നന്ദിയോടെ ദൈവതിരുമുമ്പിൽ തല വണങ്ങാൻ നമുക്കു കഴിയുമോ? ജീവിതത്തിൽ സഹനങ്ങളില്ലാത്ത മനുഷ്യരില്ല. എന്റെ ജീവിതത്തിലെ സഹനം, അതെന്തായാലും ക്രിസ്തുവിന്റെ സഹനത്തിലുള്ള എന്റെ പങ്കാണെന്നു മനസിലാക്കി എന്റെ നൊമ്പരങ്ങളെ ക്രിസ്തുവിന്റെ ആണിപ്പഴുതുകളിൽ ചേർത്തു വയ്ക്കുക. അപ്പോൾ നമ്മുടെ വേദനകളും രക്ഷാകരമാവും. അതിനാൽ വേദനകൾ രക്ഷയുടെ അനുഭവമാക്കി പൂർത്തിയാക്കുന്ന പൊന്നുതമ്പുരാന് നന്ദി...

മുറിക്കപ്പെട്ട അപ്പം തന്റെ പ്രിയപ്പെട്ടവർക്ക് കൈമാറുമ്പോൾ ഈശോ പറയുന്നത് ഇത് നിങ്ങൾക്കു വേണ്ടിയും അനേകർക്കുവേണ്ടിയും ഭാഗിക്കപ്പെടുന്ന തന്റെ ശരീരമെന്നാണ്. ക്രിസ്തു പ്രദാനം ചെയ്യുന്ന രക്ഷയുടെ സാർവത്രിക മാനം വ്യക്തമാവുന്ന വാക്കുകളാണിത്. തനിക്കുള്ളതെല്ലാം അനേകർക്കായി നൽകാനുള്ള ഒരു വിശാലതയിലേയ്ക്ക് വളരാൻ ഇനി എത്രകാലം ഞാൻ പരിശ്രമിക്കണം! കണ്ടുമുട്ടുന്നവരെയെല്ലാം പ്രിയപ്പെട്ടവരായി കരുതാൻ ഇനി എത്രകാലം ഞാനെന്റെ ഹൃദയത്തെ പരിശീലിപ്പിക്കണം! അരികിലണയുന്നവരിലെല്ലാം ദൈവത്തിന്റെ മുഖം കാണാൻ എത്ര മാത്രം ഇനിയെന്റെ കാഴ്ച തെളിയണം! ക്രിസ്തുവിന്റെ അസ്ഥിത്വത്തിലേയ്ക്കെത്താൻ ഇനിയും

ഒരു പാടു ദൂരം ബാക്കിയാണ്. ഈ യാത്രയ്ക്കുള്ള പാഥേയമാണ് വി. കുർബാന. അസീസ്സിയിലെ വി. ഫ്രാൻസിസും, കൽക്കത്തയിലെ വാഴ്ത്തപ്പെട്ട മദർ തെരേസയും നമ്മുടെ വഴികളിലെ അനുഗ്ര ഹകരമായ ഓർമ്മയാകട്ടെ.

അപ്പവും വീഞ്ഞും ഭാഗിച്ചു നൽകിയ രാവിന്റെ അന്ത്യത്തിൽ ക്രിസ്തു പറഞ്ഞ ഒരു വാക്കു കൂടി ഓർമ്മയിലുണ്ടാവണം. “എന്റെ ഓർമയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ.” നിങ്ങൾ എന്റെ ഓർമ്മയ്ക്കായി ഈ വിരുന്നനുഷ്ഠിക്കുക എന്ന് ഈശോ പറഞ്ഞതിന്റെ പൊരുളെന്താണ്? ഈ വിരുന്ന് പുനർജനിക്കുമ്പോഴൊക്കെ നിങ്ങൾ എന്നെ ഓർക്കണം. ഈ വിരുന്നു മാത്രമല്ല നിങ്ങ ളുടെ ജീവിതമാകുന്ന വിരുന്നും എന്നെ ഓർമ്മിപ്പിക്കണം. നിങ്ങളുടെ വാക്കുകൾ കേൾക്കുന്നവർക്ക്, നിങ്ങളുടെ പ്രവർത്തികളുടെ ഫലം അനുഭവിക്കുന്നവർക്ക്, നിങ്ങളുടെ മുഖം കാണുന്നവർക്ക് എന്നെ ഓർമ്മ വരണം. എന്റെ ജീവിതം ക്രിസ്തുവിന്റെ ജീവിതത്തിന്റെ ഓർമപ്പെടുത്തലായി മാറ്റിയെടു ക്കാൻ എനിക്കാവുമോ? എന്നിൽ ക്രിസ്തുവിന്റെ അടയാളങ്ങൾ രൂപപ്പെടുന്നില്ലെങ്കിൽ ഞാൻ ഇനിയും ക്രിസ്തുവിന്റെ ബലിയിൽ പങ്കുചേരാൻ പാകപ്പെട്ടിട്ടില്ല എന്നല്ലേ അതിന്റെ അർത്ഥം? ദൈവത്തിന്റെ ഛായയും സാദൃശ്യവും വീണ്ടെടുക്കാനുള്ള വിരുന്നായി മാറട്ടെ നമ്മുടെ ബലിയർപ്പണങ്ങൾ... ഒരു പുതിയ പെസഹാവിരുന്നിന് നമുക്കൊരുങ്ങാം.